**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1043** **09-10-2024 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ പുരോഗതി എന്തെന്ന് വിശദമാക്കുമോ; | (എ) | കുട്ടനാട് താലൂക്കിൽപെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്കു വേണ്ടി കിഫ്ബി ധനസഹായത്തോടു കൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയാണിത്. 9 പാക്കേജുകളായി നടപ്പാക്കി വരുന്ന ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.<br><br>**പാക്കേജ്-1:-** പമ്പാനദി സ്രോതസ്സായി തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് 30 MLDശുദ്ധീകരണ ശാലയും, അനുബന്ധ ഘടകങ്ങളുടേയും നിർമ്മാണത്തിന് വേണ്ടി ചിക്കാഗോ കൺസ്ട്രക്ഷൻസ് എന്ന കരാറുകാരന് പ്രവൃത്തി ഉത്തരവ് 12.06.2024 ൽ നൽകി. സൈറ്റ് ക്ലിയറൻസ് ഉൾപ്പെടെയുള്ള പ്രാരംഭ പ്രവൃത്തികൾ പുരോഗമിക്കുന്നു.<br><br>**പാക്കേജ്-2:-** എടത്വ (11 ലക്ഷം ലിറ്റർ), തലവടി (8 ലക്ഷം ലിറ്റർ) പഞ്ചായത്തുകളിലെ ഉന്നതതല ജലസംഭരണികളുടെയും, ഈ പഞ്ചായത്തുകളിലേക്ക് 8.5 കി.മി ട്രാൻസ്മിഷൻ മെയിൻ പ്രവൃത്തിയും നിലവിലെ ജലസംഭരണികളിലെ നവീകരണ പ്രവൃത്തികളും ടെണ്ടർ ചെയ്തിരുന്നു. 10% ന് മുകളിൽ ടെണ്ടർ ക്വാട്ട് ചെയ്തിരുന്നതിനാൽ 04.07.2024 അവസാന തീയതിയായി റീ ടെണ്ടർ ക്ഷണിച്ചു. റീ ടെണ്ടറിൽ ഒരു ഓഫർ ലഭിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 36.78% ഉയർന്ന നിരക്കിൽ ക്വാട്ട് ചെയ്തിരിക്കുന്നതിനാൽ പ്രസ്തുത ടെണ്ടർ സംബന്ധിച്ച് തുടർ നടപടികൾ പരിശോധിച്ചു വരുന്നു.<br><br>**പാക്കേജ്-3:-** നീരേറ്റുപുറത്തെ ജലശുദ്ധീകരണ ശാലയിൽ നിന്നും ശുദ്ധീകരിച്ച ജലം മുട്ടാർ, വെളിയനാട്, നീലംപേരൂർ, രാമങ്കരി, പുളിങ്കുന്ന്, കാവാലം, നെടുമുടി, ചമ്പക്കുളം, കൈനകരി എന്നി |

പഞ്ചായത്തുകളിൽ ശുദ്ധജലം എത്തിക്കുന്നതിനു വേണ്ടിയുള്ള പ്രധാന ജലവിതരണ പൈപ്പുകളുടെ നിർമ്മാണ പ്രവൃത്തിയ്ക്ക് ടെണ്ടർ 02.09.2023 മുതൽ നിരവധി തവണ (6 തവണ) ടെണ്ടർ ചെയ്യെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് വരുന്നു.

ട്രാൻസ്മിഷൻ മെയിൻ കടന്നുപോകുന്ന ആലപ്പുഴ - ചങ്ങനാശ്ശേരി റോഡിൽ കെ.എസ്.റ്റി.പി മുഖേന നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി പൈപ്പ് സ്ഥാപിക്കുന്നതിന് 21.8 കോടി രൂപ കെ.എസ്.റ്റി.പിക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ ഊരാലുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി നടത്തിവരുന്നു. 2024 ഡിസംബർ മാസത്തോടെ ഈ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**പാക്കേജ്-4:-** എടത്വ (80 കി.മി) വീയപുരം (83കി.മി), തലവടി (85.3കി.മി), തകഴി (83.4 കി.മി) എന്നീ പഞ്ചായത്തുകളിൽ ജല വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും, തകഴി പഞ്ചായത്തിൽ (6 ലക്ഷം ലിറ്റർ) സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഓംധാർ എൻജിനീയറിംഗ് ലിമിറ്റഡ് എന്ന കമ്പനിക്ക് 04.09.2024 ൽ പ്രവൃത്തി ഉത്തരവ് നൽകി. കരാർ വച്ചിട്ടില്ല.

**പാക്കേജ്-5:-** മുട്ടാർ (3.5 ലക്ഷം ലിറ്റർ), വെളിയനാട് (4.5 ലക്ഷം ലിറ്റർ), നീലംപേരൂർ (5.5 ലക്ഷം ലിറ്റർ) എന്നീ പഞ്ചായത്തുകളിൽ ഉന്നതതല ജലസംഭരണികൾ സ്ഥാപിക്കുന്നതിനും. ടി പഞ്ചായത്തുകളിൽ മുട്ടാർ (36 കി.മി), വെളിയനാട് (44.5 കി.മി), നീലംപേരൂർ (29 കി.മി) ജലവിതരണ ശൃംഖല സ്ഥാപിക്കുന്നതടക്കമുള്ള പ്രവൃത്തിയുടെ ദർഘാസ് 17.04.2023 മുതൽ നിരവധി തവണ ടെണ്ടർ ചെയ്യെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് ടെണ്ടർ ചെയ്തു. ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ 24.10.2024 ൽ അവസാന തീയതിയായി റീ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

**പാക്കേജ്-6:-** പുളിങ്കുന്ന് (12 ലക്ഷം ലിറ്റർ), കാവാലം (8 ലക്ഷം ലിറ്റർ), എന്നീ പഞ്ചായത്തുകളിൽ ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനും. പുളിങ്കുന്ന് (58.7 കി.മി), കാവാലം (21.6 കി.മി) എന്നീ പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമായുള്ള പ്രവൃത്തിയുമാണ് ഈ

| | | | |
|---|---|---|---|
| | | | പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 02.09.2023 മുതൽ നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് ടെണ്ടർ ചെയ്തു. ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ 24.10.2024 ൽ അവസാന തീയതിയായി റീ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.<br><br>**പാക്കേജ്-7:-** രാമങ്കരി (5.75 ലക്ഷം ലിറ്റർ), ചമ്പക്കുളം (5.5 ലക്ഷം ലിറ്റർ) എന്നീ പഞ്ചായത്തുകളിൽ ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനും രാമങ്കരി (36.7 കി.മി), ചമ്പക്കുളം (79.കി.മി) ഈ പഞ്ചായത്തുകളിലെ. ജല വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമായുള്ള പ്രവൃത്തി 05.09.2023 മുതൽ നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് ടെണ്ടർ ചെയ്തു. ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ 24.10.2024 ൽ അവസാന തീയതിയായി റീ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.<br><br>**പാക്കേജ്-8:-** കൈനകരി (7 ലക്ഷം ലിറ്റർ), നെടുമുടി (8.5 ലക്ഷം ലിറ്റർ) എന്നീ പഞ്ചായത്തുകളിൽ ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനും. നെടുമുടി (137 കി.മി) കൈനകരി (115 കി.മി) ഈ പഞ്ചായത്തുകളിലെ ജല വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമായുള്ള പ്രവൃത്തി 05.01.2024 മുതൽ നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് വരുന്നു.<br><br>**പാക്കേജ്-9:-** വീയപുരം (4.75 ലക്ഷം ലിറ്റർ) പഞ്ചായത്തിലെ ഉന്നതതല ജലസംഭരണിയുടെ നിർമ്മാണവും, എടത്വ ഓഫീസ് കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണവുമാണ് ഈ പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ടി പ്രവൃത്തി 05.01.2023 മുതൽ നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് ടെണ്ടർ ചെയ്തു. ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ 24.10.2024 ൽ അവസാന തീയതിയായി റീ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് ഇനി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; വിശദമാക്കുമോ? | (ബി) | കുട്ടനാട് കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട പാക്കേജ് -2ന്റെ പ്രവൃത്തി ടെണ്ടർ ചെയ്തതിൽ ഒരു ഓഫർ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ടെണ്ടർ സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>3, 8 എന്നീ പാക്കേജുകൾ നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് വരുന്നു. |

| | | | |
|---|---|---|---|
| | | | 5,6,7,9 എന്നീ പാക്കേജുകൾ നിരവധി തവണ ടെണ്ടർ ചെയ്യെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് ടെണ്ടർ ചെയ്തു. ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ 24.10.2024 ൽ അവസാന തീയതിയായി റീ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.<br><br>ഈ പാക്കേജുകളുടെ ടെണ്ടർ കരാറുകാർ ഏറ്റെടുത്തെങ്കിൽ മാത്രമെ കുട്ടനാട് കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ